# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ


## ശൈഖ് മുഹമ്മദ് ജമീൽ സൈനു

### വിവ. കബീർ എം. പറളി


## സ്വൂഫികളുടെ കറാമത്തുകൾ

സൂഫികൾക്കിടയിൽ ഔലിയാക്കളുണ്ടെന്നാണ് വാദം. അവർക്ക് എണ്ണമറ്റ കറാമത്തുകളും ഉണ്ടത്രെ. പ്രസ്തുത ഔലിയാക്കളേയും അവരുടെ കറാമത്തുകളെയും പറ്റി വിവരിക്കുന്ന ഒരുപാടു ഗ്രന്ഥങ്ങൾ സൂഫികൾക്കിടയിൽ സുലഭമാണ്. അവയിൽ കുത്തിനിറച്ചിരിക്കുന്ന ഖുറാഫത്തുകളും, കുഫ്രിയ്യത്തുകളും മനസ്സിലാക്കാൻ ചില സാമ്പി ളുകൾ നൽകുകയാണ് താഴെ.

ശഅ്റാനീ എന്ന സ്വൂഫീ ഗ്രന്ഥകാരന്റെ കൃതിയാണ് അത്തബകാ ത്തുൽ കുബ്റാ. സൂഫികളിലെ ഔലിയാക്കളുടെ കറാമ ത്തുകളാണ് അതിൽ വിശദീകരിക്കുന്നത്. പ്രസ്തുത കൃതിയിൽ നിന്ന് ഒരു സൂഫീ ശൈഖിന്റെ കറാമത്തുകൾ വായിക്കുക:

ശൈഖവർകൾ ക്രിസ്ത്യാനികളുടേതുപോലുള്ള കിന്നരിവെച്ച തലപ്പാവ് അണിയാറുണ്ട്. അദ്ദേഹത്തിന്റെ ധ്യാനമുറി ദുർഗന്ധം വമിക്കുന്ന മലിന വസ്തുക്കളാൽ നിറഞ്ഞിരുന്നു. നായയുടേതാകട്ടെ, ആടിന്റേതാകട്ടെ വഴിയിൽ ഏത് ശവശരീരം കണ്ടാലും അതിനെ വലിച്ചു കൊണ്ട് വന്ന് തന്റെ മുറിയിലിടും. അയാളോടൊപ്പമിരിക്കാൻ, അതു കൊണ്ടു തന്നെ ഒരാൾക്കും സാധിച്ചിരുന്നില്ല. ഒരിക്കലദ്ദേഹം നമസ്കാരത്തിനായി പള്ളിയിലേക്ക് പോകവേ, നായകൾക്ക് വെള്ളം നൽകുന്ന ഒരു തൊട്ടി കണ്ടു. അദ്ദേഹം അതിൽ നിന്നും ശുദ്ധി വരുത്തി. പിന്നീട് കഴുതയുടെ മാലിന്യക്കൂമ്പാരത്തിൽ വീണു.

അലി വഹീഷ് എന്നയാളുടെ കഥ അങ്ങനെ വായിക്കാൻ കൊള്ളുന്നതല്ല. ശൈഖവർകൾക്ക് ഏതെങ്കിലും ഒരു സ്ത്രീയേയൊ, കൗമാരപ്രായക്കാരനേയൊ കണ്ടാൽ ഉള്ളിൽ കാമം കിളിർക്കുമത്രെ. അമീറിന്റെ മകനെന്നൊ, വസീറിന്റെ മകനെന്നൊ നോക്കാതെ, അവരുടെ സാന്നിധ്യത്തിൽ പോലും അയാളാ കുമാരന്റെ നിതംബത്തിൽ തഴുകിക്കൊണ്ടിരിക്കുമത്രെ.

മുഹമ്മദ് ഖുദ്രി എന്ന തന്റെ ശൈഖിന്റെ കറാമത്ത് ശഅ്റാനി വിവരിക്കുന്നത് ഇങ്ങനെ: ശൈഖ് അബുൽ ഫദ്ൽ സർസീ എന്നോട് പറഞ്ഞു: മുഹമ്മദ് ഖുദ്രി ഒരു വെള്ളിയാഴ്ച ദിവസം പള്ളിയിലേക്ക് വന്നു. അപ്പോൾ അന്നത്തെ ഖുതുബ പറയണമെന്ന് ജനങ്ങൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അങ്ങനെ അദ്ദേഹം മിമ്പറിൽ കയറി. ഹംദും സ്വലാത്തും ചൊല്ലി. എന്നിട്ട് പറഞ്ഞു; നിങ്ങൾ ഇബ്ലീസ് അലൈഹിസ്സലാം അല്ലാതെ മറ്റൊരു ഇലാഹില്ലെന്ന് ഞാനിതാ സാക്ഷ്യം വഹിക്കുന്നു. ഇത് കേട്ടപ്പോൾ ആളുകൾ പറഞ്ഞു: ഇതാ ഇയാൾ കാഫിറായിരിക്കുന്നു. അപ്പോൾ, ശൈഖവർകൾ തന്റെ വാളൂരിക്കൊണ്ട് താഴെയിറങ്ങി ജനങ്ങളുടെ നേർക്ക് തിരിഞ്ഞു. അതു കണ്ട ആളുകൾ മുഴുവനും പള്ളിയിൽ നിന്നും വിരണ്ടോടി. അദ്ദേഹം വീണ്ടും മിമ്പറിൽ തന്നെ കയറിയിരുന്നു. അസർ നമസ്കാര സമയം വരെ ഒരാളും അവിടേക്ക് ചെല്ലാൻ ധൈര്യപ്പെട്ടില്ല. പിന്നീട് അടുത്ത ഓരോ പ്രദേശങ്ങളിൽ നിന്നും ആളുകൾ വന്നുകൊണ്ട്, അദ്ദേഹം അവരുടെ പള്ളികളിലെല്ലാം ഖുതുബ നിർവഹിച്ചതായി അവിടുത്തു കാരോട് പറഞ്ഞു. അവരുടെ കണക്കു പ്രകാരം ഏകദേശം മുപ്പത് ഖുതുബകൾ അദ്ദേഹം ഒരേ സമയം നിർവഹിക്കുകയുണ്ടായി.

യൂസുഫ് അന്നുബ്ഹാനി തന്റെ 'ജാമിഉ കറാമാത്തിൽ ഔലിയാഅ്' എന്ന കൃതിയിൽ ഇബ്നു അറബിയുടെ കറാമാത്തായി എഴുതി: ഒരിക്കൽ ശൈഖവർകൾ ഒരു പീറിന്റെ തലപിഴുതെടുത്തു. അയാൾ തന്റെ തലയില്ലാത്ത ശരീരത്തിലേക്ക് നോക്കിക്കൊണ്ടിരിക്കേ അല്പ സമയത്തിനു ശേഷം ശൈഖവർകൾ പറഞ്ഞു: "അല്ലാഹുവിന് ചില വേണ്ടപ്പെട്ട ആളുകളുണ്ട്. അവരിലാരെങ്കിലും ബിസ്മില്ലാഹി റഹ്മാനി റഹീം എന്ന് ചെല്ലിക്കൊണ്ട് ഇതാ ഇങ്ങനെ ചെയ്താൽ മതി." അങ്ങനെ അദ്ദേഹം പീറിന്റെ തല അയാളുടെ കഴുത്തിനോട് ചേർത്തു വെച്ചു. അപ്പോഴതാ പ്രസ്തുത പീർ എഴുന്നേറ്റ് നിന്ന് കൊണ്ട് പ്രഖ്യാപിക്കുന്നു: അശ്ഹദു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ല വ അന്നക്ക വലിയുല്ലാഹ്!!! (വാള്യം 1, പേജ് 199)[1]

സൂഫീ ശൈഖായ അബ്ദുല്ലാഹ് ബ്ൻ അലവി അൽ ഹദ്ദാദിനെപ്പറ്റി വിശദീകരിക്കവെ അയാളുടെ കറാമത്തായി അന്നുബ്ഹാനി എഴുതി: അദ്ദേഹത്തിന് ഒട്ടനവധി കറാമത്തുകളുണ്ട്. അതിൽപ്പെട്ട ഒന്ന് കേൾക്കുക; ഒരിക്കൽ ശൈഖവർ ഹജ്ജ് നിർവഹിക്കാനായി യാത്ര തിരിച്ചു.

അദ്ദേഹത്തോടൊപ്പം തന്റെ ശിഷ്യനായ ശൈഖ് ഹുസൈൻ ബ്ൻ മുഹമ്മദ് ബാഫദ്‌ലും ഉണ്ടായിരുന്നു. മദീനയിലെത്തിയപ്പോൾ യാദൃശ്ചികമായി ശൈഖ് ഹുസൈൻ രോഗബാധിതനായി. രോഗ കാഠിന്യം അദ്ദേഹത്തെ മരണവക്രത്തിലെത്തിച്ചു. അദ്ദേഹത്തിന്റെ ആയുസ്സ് അവസാനിച്ചിരിക്കുന്നു എന്ന കാര്യം ശൈഖ് അബ്ദുല്ലാഹ് ബ്ൻ അലവിക്ക് ബോധ്യപ്പെട്ടു. ഉടനെ അദ്ദേഹം തന്റെ അനുയായികളെ വിളിച്ചു കൂട്ടി. ഓരോരുത്തരും തന്റെ ആയുസ്സിൽ നിന്ന് അല്പം മരണാസന്നനായ ശൈഖ് ഹുസൈനിന് സംഭാവന നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ആദ്യം സയ്യിദ് ഉമർ അമീൻ എന്നയാൾ തന്റെ ആയുസ്സിൽ നിന്നും പതിനെട്ട് ദിവസങ്ങൾ സംഭാവന നല്കി. പിന്നീട് മറ്റുള്ളവരും തങ്ങളുടെ ആയുസ്സിൽ നിന്ന് കൊടുത്തു തുടങ്ങി. അവസാനം ശൈഖവർകളും തന്റെ ആയുസ്സിൽ നിന്നും സംഭാവന ചെയ്തു. അങ്ങനെ സംഭാവന ലഭിച്ച ആയുസ്സ് മുഴുവനും അദ്ദേഹം ഒരു കടലാസിൽ രേഖപ്പെടുത്തി നബി തങ്ങളുടെ ഖബറിന്നരികിൽ സമർപ്പിക്കുകയും അവിടുത്തെ ശഫാഅത്തിനെ തേടുകയും ചെയ്തു. മഹാ സംഭവമാണ് അദ്ദേഹത്തിലൂടെ ഉണ്ടായത്. പ്രവാചകന്റെ ഖബറിടത്തിൽ നിന്നും സന്തോഷവാനായി തിരിച്ചു വന്ന അദ്ദേഹം പറഞ്ഞു: “അല്ലാഹു ആവശ്യം നിറവേറ്റിയിരിക്കുന്നു, അവൻ പ്രാർഥനക്ക് ഉത്തരം നൽകിയിരിക്കുന്നു. അവനുദ്ദേശിക്കുന്ന വിധിയെ അവൻ മായ്ചുകളയുന്നു അവനുദ്ദേശിക്കുന്നതിനെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു. അവന്റടുത്താണ് ഉമ്മുൽ കിതാബുള്ളത്.” അങ്ങനെ ശൈഖ് ഹുസൈൻ രോഗമുക്തനാവുകയും തനിക്ക് സംഭാവനയായി കിട്ടിയ ആയുസ്സിന്റെ കാലാവധിവരെ ജീവിക്കുകയും ചെയ്തു!! (വാള്യം 2, പേ. 264)[2]

അശ്ശഅ്റാനി തന്റെ ‘ത്വബഖാത്’ എന്ന കൃതിയിൽ യൂസുഫ് അൽ അജ്മി അൽ കുർവാനി എന്ന ഒരു ശൈഖിന്റെ കറാമത്ത് വിവരിക്കുന്നത് കാണുക: അദ്ദേഹം തന്റെ ഏകാന്ത ധ്യാനത്തിൽ നിന്നും പുറത്തുവരുമ്പോൾ അദ്ദേഹത്തിന്റെ രണ്ട് കണ്ണുകളും കനൽക്കട്ടകൾ പോലെ ജ്വലിക്കുന്നുണ്ടാകും. ആരുടേയെങ്കിലും ദൃഷ്ടി അദ്ദേഹത്തിന്റെ മേൽ പതിഞ്ഞാൽ അവന്റെ കണ്ണുകൾ തനിത്തങ്കമായി മാറും. ഒരിക്കൽ അദ്ദേഹത്തിന്റെ ദൃഷ്ടി ഒരു നായയുടെ മേൽ ഉടക്കി. അപ്പോൾ ആ പ്രദേശത്തെ സകല നായ്ക്കളും ആ നായയെ അനുസരിച്ച് കൊണ്ട് അതിന്റെ ചുറ്റും ഒരുമിച്ചു കൂടി. ആ നായ നിന്നാൽ അവയും നിൽക്കും, അതു നടന്നാൽ അവയും നടക്കും... മറ്റൊരിക്കൽ നാൽപത് ദിവസത്തെ ധ്യാനത്തിൽ നിന്നും പുറത്തിറങ്ങിയ ശൈഖിന്റെ കണ്ണുകൾ ഒരു നായയുടെ മേൽ പതിഞ്ഞു. അപ്പോഴതാ ആ നായയുടെ ചുറ്റും അവിടെയുണ്ടായിരുന്ന മറ്റു മുഴുവൻ നായ്ക്കളും അതിന്നടുത്തേക്ക് ഓടിയെത്തി. ഈ അത്ഭുതം കണ്ട ആളുകൾ തങ്ങളുടെ ആഗ്രഹ നിവൃത്തിക്കായി പ്രസ്തുത നായയെ അന്നുമുതൽ സന്ദർശിക്കാൻ തുടങ്ങി. ഒരിക്കൽ ആ നായ രോഗം ബാധിച്ച് കിടപ്പിലായി. അപ്പോൾ മറ്റു നായകൾ അതിൻ ചുറ്റും കൂടി അവയുടെ ദു:ഖം പ്രകടിപ്പിച്ചു കൊണ്ട് കരയാൻ തുടങ്ങി. ആ നായ രോഗം പിടിച്ച് ചത്തപ്പോൾ ആ വിവരം അല്ലാഹു ചിലയാളുകൾക്ക് അറിയിച്ചു കൊടുക്കുകയും അവരതിനെ കുഴിച്ച് മൂടുകയും ചെയ്തു. അതിനു ശേഷം അവിടെയുള്ള നായ്ക്കൾ മുഴുവനും മരണം വരെ പോരിശയാക്കപ്പെട്ട പ്രസ്തുത നായയുടെ കബറിടം സന്ദർശിച്ച് ബർക്കത്തെടുക്കാ റുണ്ടായിരുന്നു!!! (വാള്യം 2, പേ. 66)[3]

●

---

1,2,3: www.alsoufia.com എന്ന സൈറ്റിൽ നിന്നും എടുത്തു കൊടുത്തത്.